**15 -ാം കേരള നിയമസഭ**

**11 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 5096** **04-07-2024 - ൽ മറുപടിയ്ക്ക്**

**വിരമിച്ച അധ്യാപകർക്ക് പെൻഷൻ ആനുകൂല്യങ്ങൾ നൽകാൻ നടപടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. എം. വിൻസെന്റ് | | ശ്രീ വി ശിവൻകുട്ടി<br>(പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി) | |
| (എ) | ഹയർ സെക്കൻഡറി വിഭാഗം തിരുവനന്തപുരം റീജിയണൽ ഡെപ്യൂട്ടി ഡയറക്ടർ, ഓഫീസിൽ നിന്നും തുടർച്ചയായി വിട്ടുനിൽക്കുന്നതിനാൽ പെൻഷൻ ഫയലുകളുടെ നീക്കം പ്രതിസന്ധിയിൽ ആയതായുള്ള ആക്ഷേപം ഗൗരവത്തോടെ കാണുന്നുണ്ടോ; വ്യക്തമാക്കുമോ; | (എ) | **പൊതുവിദ്യാഭ്യാസ വകുപ്പ് ഹയർ സെക്കൻഡറി വിഭാഗം തിരുവനന്തപുരം റീജിയണൽ ഡെപ്യൂട്ടി ഡയറക്ടർ തുടർച്ചയായി ഓഫീസിൽ നിന്ന് വിട്ടുനിൽക്കുന്നതായോ പെൻഷൻ ഫയലുകളുടെ നീക്കം പ്രതിസന്ധിയിൽ ആയതായോ ഉള്ള പരാതികൾ ഒന്നും നിലവിൽ ലഭിച്ചിട്ടില്ല. തിരുവനന്തപുരം റീജീയണൽ ഡെപ്യൂട്ടി ഡയറക്ടറുടെ കാര്യാലയത്തിൽ സ്പാർക്ക് ബന്ധിത ബയോമെട്രിക്ക് പഞ്ചിങ്ങ് ഏർപ്പെടുത്തിയിട്ടുണ്ട്. പഞ്ചിങ്ങ് സ്റ്റേറ്റ്മെന്റ് പരിശോധിച്ചതിൽ നിന്ന് ടി ഉദ്യോഗസ്ഥ അക്കാദമിക മോണിറ്ററിങ്ങിനും പരീക്ഷ വിജിലൻസ് സ്ക്വാഡ് അംഗമായും 2 ജില്ലയുടെ ചുമതലയുള്ള ഓഫീസ് മേധാവി എന്ന നിലയിൽ പങ്കെടുക്കേണ്ട ഔദ്യോഗിക മീറ്റിങ്ങുകൾക്കുമായാണ് ഓഫീസിൽ നിന്ന് വിട്ടുനിന്നത് എന്നും, അനധികൃതമായി ഓഫീസിൽ നിന്ന് വിട്ടു നിന്നിട്ടില്ല എന്നും കാണുന്നു.** |
| (ബി) | പെൻഷൻ ഫയലുകൾ അക്കൗണ്ടന്റ് ജനറൽ ഓഫീസിലേക്ക് അയക്കുന്നതിൽ കാലതാമസം നേരിടുന്നതിനാൽ വിരമിച്ച് മാസങ്ങൾ കഴിഞ്ഞിട്ടും പല അധ്യാപകർക്കും പെൻഷൻ ആനുകൂല്യങ്ങൾ ലഭിച്ചിട്ടില്ല എന്നതിനാൽ ഈ കാര്യത്തിൽ അടിയന്തര നടപടികൾ സ്വീകരിക്കുമോ; വ്യക്തമാക്കുമോ? | (ബി) | **തിരുവനന്തപുരം റീജിയണൽ ഡെപ്യൂട്ടി ഡയറക്ടർ ഓഫീസിൽ ആകെ 6 പെൻഷൻ ഫയലുകൾ ആണ് കുടിശ്ശിക ഉള്ളത്. ആയതിൽ 2 എണ്ണം ന്യൂനതയുള്ളവയാണ്. മറ്റ് ഫയലുകൾ സമയബന്ധിതമായി അക്കൗണ്ടന്റ് ജനറൽ ഓഫീസിലേക്ക് അയക്കുന്നതിന് നടപടികൾ സ്വീകരിച്ചിട്ടുണ്ട്.** |

സെക്ഷൻ ഓഫീസർ